# അക്കിത്തം എന്ന കവി

## എം.പി. ശങ്കുണ്ണിനായർ

1

അക്കിത്തത്ത് അച്യുതൻ നമ്പൂതിരിയുടെ മധുവിധുവിന്നുശേഷം എന്താണു സംഭവിച്ചത്? മധുവിധു എന്ന കൃതി വായിച്ചിട്ടുള്ളവർക്കും വായിച്ചേയ്ക്കാവുന്നവർക്കും സമർപ്പിക്കപ്പെട്ടിരിക്കുന്ന മധുവിധുവിന്നുശേഷം എന്ന കവനാമൃതം ഏറിയ കുതൂഹലത്തോടെ വായിച്ചുനോക്കി. നമ്പൂതിരി എന്നെ കലശലായി നിരാശപ്പെടുത്തി. എന്തെന്നല്ലേ? അദ്ദേഹം സമസ്തസ്ഥാപിതതാല്പര്യങ്ങളുടേയും വിളനിലമായ പ്രേയസിയേയും പൈതങ്ങളേയും പ്രാകി, കാലിലെ പൊടി തട്ടി അപരിഗ്രഹനായി പടിയിറങ്ങുമെന്നാണ് ഞാൻ കരുതിയത്. പക്ഷേ, അക്കിത്തമിതാ, ആ പിടി വിടാത്ത കരിമ്പടക്കെട്ടിനെ ആനന്ദബാഷ്പത്തോടെ, പുളകോൽഗമത്തോടെ ഗാഢഗാഢം പുണരുന്നു. മാത്രമോ? ആ കരിമ്പടക്കെട്ടു കരിമ്പടക്കെട്ടേ അല്ലെന്നും തുരുമ്പിച്ച പ്രപഞ്ചത്തെ പല്ലവിതമാക്കുന്ന അമൃതമേഘമാണെന്നും വരുത്തിത്തീർക്കാൻ ശ്രമിക്കുന്നു.

''യച്ച കാമസുഖം ലോകേ
യച്ഛദിവ്യം മഹൽസുഖം
തൃഷ്ണാ ക്ഷയസുഖസ്യൈതേ
നാർഹതഃ ഷോഡശീം കലാം''

എന്നു നിരീഹന്മാരായ മഹർഷിമാർ ആവർത്തിച്ചതെല്ലാം വെറും ഭോഷ്ക്!

2

ഈ സമാഹാരത്തിൽ എല്ലാംകൊണ്ടും ഒന്നാം സ്ഥാനത്തു നില്ക്കുന്ന നൂറ്റിനാല്പതു നിറഞ്ഞ വരികളുള്ള 'വാടാത്ത താമരയും കെടാത്ത സൂര്യനും' എന്ന കവിതയുടെ പരിധിയിൽ നിന്ന് ക്രമേണ കേന്ദ്രബിന്ദുവിലേക്ക് എന്റെ കൂടെ നിങ്ങൾ വരുമോ? എന്നാൽ ഞാൻ നിങ്ങൾക്കു നമ്പൂതിരിയെ കാട്ടിത്തരാം,

''ഒളിചിതറീടുമൊരു പുലരിയിൽ
ഞാനാ വാപീതീരം പൂകി;
കുളിയാരംഭിച്ചീടവേ പൊന്നല-
മാലകളിളകീ ചുഴേ.

കുളിരുന്മേഷമൊഴുക്കീ മാമക-
സിരയിൽ മൃണാളത്തുമ്പ-
ത്തീളകിയരാളതരംഗാലിംഗിത-
പങ്കജമൊന്നെൻ മുന്നിൽ.

.....................................

ഇരുപുറമുദയാസ്തമയത്തൂവലു-
യർന്നാൽപ്പകലും താണാ-
ലിരവും വരുമാറക്ഷീണോല്ബണ-
പക്ഷനിപാതം മൂലം...''

വൃത്തശില്പത്തിൽനിന്നും പദവിന്യാസത്തിൽനിന്നും തള്ളിക്കയറുന്ന ഈ താരസ്വരവീചികൾ കേന്ദ്രസ്ഥമായ ഒരു ലയാനുഭൂതിയിൽനിന്നു പ്രസരിക്കുന്നതാവണമെന്നു തോന്നുന്നില്ലേ? ഈ ചെത്തം കള്ളനാണ്യത്തിന്റേതല്ല. ചെറുകിങ്ങിണിപോലെയും കൂറ്റൻ കുടമണിപോലെയം ശബ്ദിക്കുന്ന ഈ പദങ്ങൾ ഉദാത്തമായ ഒരനുഭൂതിക്കു നിങ്ങളുടെ ഹൃദയമിടിപ്പുകളെ സജ്ജമാക്കുന്നു. വീണ്ടും വീണ്ടും കുടിച്ചു മദിക്കുക. എന്നിട്ടു വിശ്വാസത്തോടെ നമുക്ക് അകത്തേക്കു കടക്കാം.

''രസോല്ലാസീ കവേരാത്മാ

സ്വച്ഛേ ശബ്ദാർത്ഥദർപ്പണേ
മാധുര്യൗജോയുതപ്രൗഢേ
പ്രതിബിംബ്യപ്രകാശതേ
സംപീതസ്വച്ഛശബ്ദാർത്ഥ–
ദ്രാവീതാഭ്യന്തരസ്തതഃ
ശ്രോതാ തത്സാമ്യതഃ പുഷ്ടിം
ചതുർവ്വർഗ്ഗേ പരാം വ്രജേത്.''

(രസാസ്വാദംകൊണ്ട് ഉല്ലസിച്ച കവിയുടെ ആത്മാവ് മധുരവും ഓജസ്വിയും സ്വച്ഛവുമായ ശബ്ദാർത്ഥങ്ങളാകുന്ന കണ്ണാടിയിൽ നിഴലിക്കുന്നു. ആ ശബ്ദാർത്ഥങ്ങൾ കുടിച്ചുമദിച്ച് അകമലിഞ്ഞ സഹൃദയൻ കവിയുടെ ആത്മാവിനോടു സ്വാത്മ്യംപ്രാപിച്ച് നാലു പുരുഷാർത്ഥവും നേടുന്നു.) ഇന്ദുരാജവൃത്തി – ഭട്ടനായകൻ?

**3**

ഇതാ, മുമ്പുദ്ധരിച്ച വരികളിലൂടെ പുഷ്കലശോഭമായ ഒരു ചെന്താമരപ്പൂവ് നിങ്ങളുടെ മുമ്പിൽ തെളിഞ്ഞുവരുന്നു. ഭാരതീയസംസ്കാരത്തിന്റെ ചിരന്തനസ്മരണകളാൽ കനം തൂങ്ങുന്ന ഒരു പ്രതീകം– എന്നാൽ ആ പുഷ്പത്തിന്നു പഴമയുടെ ജീർണ്ണിപ്പ് അശേഷമില്ല. അതിനെ കവി വിശേഷാത്മകമായി, സജീവമായി, സാക്ഷാൽക്കരിച്ചിരിക്കുന്നു. ആ ഉഷശ്ശോഭയും ഉടലിൽ വന്നു മുട്ടിത്തുളുമ്പുന്ന പൊന്നലമാലകളും കുളുർമ്മയും അരാളതരംഗങ്ങളും മറ്റും സരോജത്തിന്ന് അനന്യലഭ്യമായ ഒരു വിശിഷ്ടവ്യക്തിത്വം നല്കുന്നു. ഇവിടെ നടക്കുന്ന കാര്യം ഒരു പ്രത്യേകനിമിഷത്തിൽ ഒരു പ്രത്യേക സ്ഥലത്ത് ഒരു പ്രത്യേക പുഷ്പത്തെ ബാധിക്കുന്നതത്രേ. മറ്റ് സരോജങ്ങളൊന്നും ഇപ്പോളില്ല. സാധാരണ ഭാഷ ജനിപ്പിക്കുന്ന ബോധം സാമാന്യവിഷയകമാണ്. ആ ബോധത്തിൽ പദാർത്ഥജാതിയും ശബ്ദവും വിശേഷണമായി ഭാസിക്കുന്നു; അതു സവികല്പകജ്ഞാനമത്രേ. കവിപ്രതിഭ വിശേഷത്തെയാണ് സാക്ഷാൽക്കരിക്കുന്നത്; ആ വിശേഷത്തെ വ്യഞ്ജിപ്പിക്കുവാൻ ഭാഷയെത്തന്നെ ഒരു പ്രത്യേക വിധത്തിൽ ഉപയോഗിക്കുന്നു; കവിയുടെ ബോധം നിർവ്വികല്പകമാണെന്നു പറയാം. അല്ലെങ്കിൽ അത്രയ്ക്കൊന്നും പോവണ്ട. ആ പൂവ്, വേണമെന്നുണ്ടെങ്കിൽ നിങ്ങൾക്കു പൊട്ടിച്ചെടുക്കാം. അതിന്ന് അത്രമാത്രം രൂപവ്യക്തിയുണ്ട്. എന്നാൽ അതിനെ ഉറ്റുനോക്കാനാണ് കവി നിങ്ങളോടാവശ്യപ്പെടുന്നത്.

ജലാവതീർണ്ണമായ ആ പുഷ്പത്തെ ആൽമരം മറഞ്ഞുനിന്നുകൊണ്ട് ചുളിവിൽ സൂര്യനെന്ന കാമുകൻ കടാക്ഷിക്കുകയാണ്! ആ രംഗത്തിന്റെ സുഷമാതിശയം കവിയെ ആകർഷിക്കുകയും ചിന്താഗ്രസ്തനാക്കുകയും ചെയ്തു എന്നാണ് മനുഷ്യൻ പ്രസ്തുതരംഗത്തിന്റെ സൗന്ദര്യം ആദ്യമായി സാക്ഷാൽക്കരിച്ചത്? ഇതിന്റെ പിറകിൽ ഒരു കഥയുണ്ട്. അന്വേഷണോദ്യുക്തനായ കവി ചരിത്രത്തിന്റെ ഇരുളടഞ്ഞ മരക്കുടിലുകളിലേക്കു കടന്നു പുരാതനമനുഷ്യൻ സ്വായത്തമാക്കിയ അനുഭവസാമ്രാജ്യത്തെ രൂപസ്ഫുർത്തിയോടെ പുനരുജ്ജീവിപ്പിക്കുന്നു. വർണ്ണശബളമായ ഈ ചിത്രപടത്തിന്റെ ചുരുളുകൾ നിവരുന്നതു നോക്കുക:

''കാലടിവെപ്പാലൊടിയും ചെടിയുടെ
പൂവിൻ തൂമണമേറ്റി–
ട്ടേലും വിസ്മയമൊരു ഞൊടി ദൃഷ്ടിത–
ടങ്ങളിൽ നിന്നു തുടിക്കെ,
ഫണവുമുലച്ചരികേക്കിഴയും കൊടു–
വിഷധരമുഖ്യനെ നോക്കി–
പ്പളെപളെ നിന്നു ചിരിക്കെക്കൊത്തും
മുമ്പു കടന്നു പിടിക്കെ,
..........................
കാടുപിടിച്ചു പരന്നുമുയർന്നും
നിന്ന ഗഭീരാശ്വത്ഥ–
പ്പോടിലരക്ഷിതമാനുഷഹൃദയ–
പ്രാർത്ഥന ചെന്നു ലയിക്കെ,

പലകുറി വിത്തു പിളർന്നൂ മുളകളു–
യർന്നൂ കൂമ്പു വിരിഞ്ഞൂ.''

ഇങ്ങനെ തട്ടിത്തടഞ്ഞുകൊണ്ടുള്ള ഈ യാത്രയിൽ കുറെച്ചെന്നാറെ, തീയും കന്മഴുവും ഗുഹാഗൃഹവുമുണ്ടായി – അക്കാലത്ത് ഒരു ഗുഹാഗൃഹത്തിൽ വെച്ച് കവി മനുഷ്യപരമ്പര കടന്നുപോന്ന ഭീകരങ്ങളും ഹൃദ്യങ്ങളുമായ അസംഖ്യം അനുഭൂതികളുടെ സാരാംശമാകുന്ന അവകാശസ്വത്തുമായി ഒരു പുരാതനനരമിഥുനത്തെ കണ്ടെത്തുന്നു:

''രാവറുതിപ്പൊട്ടനുദിച്ചിട്ടിത്തിരിയാകെ–
ക്കണ്ണു മിഴിച്ചൊരു ഗുഹയിലെണീറ്റു
തരുണകിരാതരിലേകൻ.''

അടുത്തു കിടക്കുന്ന ആ തരുണി അയാളുടെ കണ്ണും കരളും കവർന്നു:

''ആരിവൾ?'' ഇവളെ ഒരു ചമ്പകാംഗിയായി കാണുകയേ വേണ്ടൂ. അന്യോന്യാകൃഷ്ടമായ ആ മിഥുനം,

''വെളിയിലിറങ്ങി ചുമലൊടു ചുമലും
കൈയൊടു കൈയും ചേർത്തു–
ല്പുളകം ഹിമവലയിതമാം കാല്യ–
ച്ചെറുചൂടേറ്റു നടന്നൂ,
പായൽ പരന്നോരബ്ജതടാക–
ക്കരയിലുരുമ്മിയിരുന്നൂ,
പാഷാണോപരി, കാലടികൊണ്ടോ,
ചപ്പിളികൊട്ടി നീരിൽ.''

ഭാവനിർഭരമായ ആ നിമിഷത്തിൽ പ്രപഞ്ചം കൺമിഴിച്ചു:

''കാമിനി ചൂണ്ടിക്കാട്ടീ, നീയാ–
ബ്ബാലാരുണനെപ്പോലേ.''

അന്നത്തെ സുപ്രഭാതത്തിന്നുശേഷം ഒട്ടേറെ പുരുഷാന്തരങ്ങൾ കഴിഞ്ഞു. കലകൾ വിരിഞ്ഞു:

''പാത്രം പണിയാൻ മാന്തിയ മണ്ണിലി–
രുമ്പും പൊന്നും ചെമ്പും
പാർത്തൂ നര,രാപ്പാത്രങ്ങളിലോ
കലയുടെ വല്ലികൾ പൂത്തൂ.''

തത്ത്വചിന്തയുടെ വിഷാദധൂമം ഉലഞ്ഞുയർന്നു:

''പ്രകൃതിഭയാകുലനൊരുവനു തോന്നി
മൺപാത്രത്തെപ്പോലെ
പ്രകടവിഷാദാധീനം നശ്വര–
മാണീ മർത്ത്യശരീരം.''

നാടും നഗരവും നിറന്നു:

''ജനതവസിച്ചിട്ടിതളുകളായി വി–
ടർന്നൂ നാട്ടുപുറങ്ങൾ,
ജനത രചിച്ചിട്ടല്ലികളായി–
പ്പട്ടണപംക്തിയുയർന്നൂ.''

വക്കാണവും രക്തച്ചൊരിച്ചലുമായി;

''അതിരുകൾ വീണൂ ഭൂമിക്ക, മൃതക–
രാഭയിലവിടെപ്പെയ്തൂ
കഠിനസ്മിതമസിതാസിത്തുമ്പുകൾ
നരിയുടെ കണ്ണുകൾപോലേ.''

നാം നമ്മുടെ ശാസ്ത്രയുഗത്തിലെത്തിക്കഴിഞ്ഞു:

‘‘അറിവൊരു വാമനനായ്; മണ്ണെണ്ണ, സെ–

മന്റും, വെടിയുപ്പും, കൽ–

ക്കരി, റേഡിയവും, ടാറും, വിദ്യു–

ത്ത,ണുവും നേടി വളർന്നൂ.’’

എത്രയെത്ര പരിണാമങ്ങൾ! എന്നാൽ സൂരനും സരോജവും തമ്മിലുള്ള ഭാവബന്ധം അന്നെന്നപോലെ ഇന്നും ചേതോഹരമത്രെ. ഈ അഭംഗുരസുഷമയുടെ രഹസ്യമെന്ത്? ചരിത്രത്തിന്റെ വനാന്തരങ്ങളിൽ തട്ടിത്തിരിഞ്ഞു വീണ്ടും സ്വന്തം ഇല്ലത്തിന്റെ പടിക്കൽ എത്തിച്ചേർന്ന കവി വാതിൽപ്പഴുതിൽ സതൃഷ്ണം തന്നെ പ്രതീക്ഷിച്ചു നില്ക്കുന്ന പ്രേയസിയെ ദർശിക്കുന്നു. സൗന്ദര്യോപനിഷത്ത് കവിയുടെ അന്തർന്നേത്രങ്ങൾക്കു മുമ്പിൽ വീണ്ടും അനാവൃതമായി, ഇണകളുടെ ജീവിതസർവ്വസ്വാഭിമാനാത്മകമായ രതിഭാവത്തിൽ നിന്നാണ് ഈ വിശ്വത്തിന്നു സൗന്ദര്യസ്ഫുരണമുണ്ടാകുന്നത്. ആ അത്ഭുതരശ്മിയുടെ ശോഭ വീഴുമ്പോൾ പ്രപഞ്ചത്തിന്റെ നിറം അമ്പേ മാറിപ്പോകുന്നു.

പദങ്ങളുടെ മേളക്കൊഴുപ്പിൽ നിന്ന് ഉള്ളോട്ടു കടന്ന നമ്മുടെ ചേതന ഇവിടെവെച്ചു ഭാസുരങ്ങളും ഭാവമേദുരങ്ങളുമായ പ്രതിരൂപങ്ങളാലും അർത്ഥകല്പനകളാലും സമ്പന്നമായിത്തീരുന്നു. ചരിത്രത്തിൽ മനുഷ്യവർഗ്ഗം പിന്നിട്ടുപോന്ന ഊടുപാതയുടെ പാർശ്വഭാഗങ്ങളെല്ലാം വിചിത്രോൽബണങ്ങളായ രസവർണ്ണഗന്ധധ്വനീസ്പർശങ്ങളാൽ, ആക്സമികമായ ഘോരവർഷമേറ്റ അമേരിക്കയിലെ മഹാമരുസ്ഥലങ്ങൾപോലെ, പൊട്ടിത്തരിപ്പോടെ, ഉദ്ദാമമായ ജീവശക്തിയോടെ ഉണരുന്നു. ആ ആദിവനങ്ങളിലെ ഊക്കൻപറവകളുടെ ക്രേങ്കാരം നിങ്ങൾക്കു കേൾക്കാം; ചൂളംവിളിക്കുന്ന കാറ്റും ഹിമവർഷവുമേറ്റ നിങ്ങൾക്കു കോച്ചൽ തോന്നും. വന്യപുഷ്പങ്ങളുടേയും പച്ചമാംസം കരിയുന്നതിന്റേയും ഗന്ധം, കണ്ണിനെ തളർത്തുന്ന, ക്രൂരമായ ആകാശം – ഇതെല്ലാം അവിടെയുണ്ട്. ഇതാണ് പ്രതിഭ.

(ഉച്യതേ വസ്തുനസ്താവദ്വൈരൂപ്യമിഹ വിദ്യതേ

തത്രൈകമസ്യ സാമാന്യം യദ്വികല്പൈക ഗോചരഃ

സ ഏവ സർവ്വശബ്ദാനാം വിഷയഃ പരികീർത്തിതഃ

അത ഏവാഭിധേയം തേ ധ്യാമലം ബോധയന്ത്യലം

വിശിഷ്ടമസ്യയദ്രൂപം തത് പ്രത്യക്ഷസ്യ ഗോചരഃ

സ ഏവ സത്കവിഗിരാഃഗോചരഃ പ്രതിഭാഭുവാം.

പറയാം വസ്തുവിന്നു രണ്ടു രൂപമുണ്ട്. ഒന്ന്, സവികല്പജ്ഞാനത്തിൽ വിഷയമായ സാമാന്യമാകുന്നു. അതാണ് എല്ലാ പദങ്ങളുടേയും അർത്ഥം. പദങ്ങൾക്കു ബുദ്ധിദൂഷിതമായ അർത്ഥത്തെയേ ബോധിപ്പിക്കാൻ കഴിയൂ. വസ്തുവിന്റെ വിശേഷാത്മകമായ രണ്ടാമത്തെ രൂപമാകട്ടെ, പ്രത്യക്ഷത്തിന്നു മാത്രം ഗ്രാഹ്യമാകുന്നു. പ്രതിഭാനിഷ്പന്നമായ കാവ്യവ്യവഹാരത്തിന്നും ആ വിശേഷമാണ് നിർദ്ദേശ്യം.)

–മഹിമഭട്ടൻ, വ്യക്തിവിവേകം

**4**

എന്നാൽ വിവിധവർണ്ണങ്ങളായ അനേകം ലഘുചിത്രങ്ങളുടെ സമൂഹമല്ല മഹത്തായ ഒരു ചിത്രം. ഈ വർണ്ണങ്ങളും വരകളും വിലയിക്കുന്ന കേന്ദ്രബിന്ദുവിന്റെ സാക്ഷാത്കാരത്തിന്നു നാം ഇനിയും ഉള്ളോട്ടു നീങ്ങണം.

ഉള്ളിൽത്തട്ടുന്ന എല്ലാ കവിതയും സ്വാനുഭൂതിയുടെ പൂർണ്ണദർശനത്തിന്നുള്ള ശ്രമമത്രേ. അത് അന്യോന്യം ഉപോൽബലകത്വമുള്ള ഇരുട്ടും വെളിച്ചവും, വേദനയും നിർവൃതിയും, കെട്ടുപിണയലും കെട്ടഴിയലും, കലങ്ങലും തെളിയലും തമ്മിലുള്ള പരിഷ്വംഗമാണ്. കവിതയുടെ രൂപമെന്നു പറയുന്ന വസ്തുവും മറ്റൊന്നല്ല. ‘വാടാത്ത താമരയും കെടാത്ത സൂര്യനും’ സ്ഥൂലത്തിൽത്തന്നെ, ഒരനുഭവത്തിന്റെ ആന്തരാർത്ഥത്തെ അന്വേഷിച്ചു പുറപ്പെടലും കണ്ടെത്തലുമാണ്. സൂര്യസരോജങ്ങളിൽ നിന്നു തുടങ്ങി പുരാതന ദമ്പതികളിലൂടെ സ്വപ്രേയസിയിലേക്കുള്ള യാത്രയിൽ കവി വിശ്വസൗന്ദര്യത്തിന്റെ ഉൾപ്പൊരുൾ ദർശിക്കുന്നു. ആദ്യം, സൗന്ദര്യമെന്ന ആശയത്തിന്റെ ആവിർഭാവത്തിന്നു കളമൊരുക്കുന്ന അനുഭൂതികളുടെ ചിത്രങ്ങളാണ്: പിന്നെ സമുൽഭിന്നമായ ആ ആശയത്തിന്റെ അന്തർവ്വാഹിനിയെ വറ്റിക്കാൻ കഴിഞ്ഞിട്ടില്ലാത്ത, അനന്തവിചിത്രങ്ങളായ പരിണാമപരമ്പരകളും – അവയിൽ ചിലതു വേണ്ടെന്നുവെച്ചാലും പ്രധാനഭാവത്തിന്ന് ഊനം വരാനില്ല. എന്നാൽ വർണ്ണോജ്ജ്വലങ്ങളായ പല കാഴ്ചകളും നിങ്ങൾക്കു നഷ്ടപ്പെടും. അത്തരം അനുഭൂതികളും കവിതയിൽ ഹൃദ്യങ്ങളാണ്. സദ്യയുടെ രാജപ്രൗഢിക്കു മാത്രം ഉതകുന്ന ചില വിഭവങ്ങളുണ്ടല്ലോ, എല്ലാ സ്രോതസ്സുകളും.

''പൊൽത്താ–
രരുണന്മാരേ, നിങ്ങടെ രാഗം
നിത്യാകർഷകമത്രേ
പൂർണ്ണത പൂണാനുഴറി യുഗങ്ങളി–
ലൂടെയൊലിക്കും മർത്ത്യ–
പ്രാണനിലാലക്തീകമാം ദിവ്യ–
മഹത്ത്വം നിലനില്പോളം''

എന്ന കേന്ദ്രാശയത്തിൽ വന്നുവീഴുന്നു. ചരിത്രത്തിലെ ഒട്ടനേകം കാടുപടലുകൾ ഇതിലുണ്ട്. എന്നാൽ ഒരു സ്ഥലത്തും മരങ്ങളുടെ നേർക്കുള്ള അതിശ്രദ്ധകൊണ്ട് കാടിന്റെ സൗഭാഗ്യം കാണാതെപോവുന്നില്ല; കാടിന്റെ നേർക്കുള്ള അതിശ്രദ്ധകൊണ്ട് മരങ്ങൾ മങ്ങപ്പോവുന്നുമില്ല. ഒന്നു മാത്രം: കവിയുടെ ആ പ്രഭാതാനുഭവം ചരിത്രത്തിന്റെ ദണ്ഡകാരണ്യത്തിൽ ഉടനീളം നടന്നു തിരയാൻ വേണ്ടത്ര ചോദനനല്കുന്ന ഒരു വേദനയായി മാറിയിട്ടില്ല. 'കുടിയൊഴിക്കലി'ലും മറ്റും കാണുന്ന ആത്മമഥനജന്യമായ തീക്ഷ്ണത ആ അന്വേഷണപ്രക്രിയയ്ക്കില്ല. കവിതയിലെ കലങ്ങൽ അത്രയും ആഴംവരെ ചെന്നതല്ലെന്നു സാരം.

(ഭാവഃകവേരഭിപ്രായഃ കാവ്യേഷ്വാ സിദ്ധി സംസ്ഥിതഃ
പരസ്പരോപകാരിത്വം സർവ്വേഷാം വസ്തുപർവ്വണാം
വിശേഷണാനാം വ്യർത്ഥാനാമക്രിയാസ്ഥാനവർണ്ണനാ
വ്യക്തിരുക്തിക്രമബലാട് ഗംഭീരസ്യാപീ വസ്തുനഃ
ഭാവായത്തമിദം സർവ്വമിതി തദ്ഭാവികം വിദുഃ.

കാവ്യത്തിന്റെ അവസാനം വരെ വ്യാപിച്ചുകിടക്കുന്ന കവിയുടെ അഭിപ്രായമാണ് ഭാവം. അംഗങ്ങൾക്കെല്ലാമുള്ള അന്യോന്യരഞ്ജകത്വം, നിഷ്ക്രിയങ്ങളായ വിശേഷണങ്ങളുടെ വർജ്ജനം, വേണ്ടേടത്തു മാത്രമുള്ള വർണ്ണനം, അഗാധവും അസ്ഫുരിതവുമായ ആശയത്തിന്റെ ക്രമികമായ അനാവരണം – ഇതെല്ലാം കവിയുടെ ഭാവസമാധിയിൽ നിന്നുണ്ടാകുന്നു. അതുകൊണ്ട് ഈ കാവ്യധർമ്മത്തിന്നു ഭാവികമെന്നു പേർ.)

–ദണ്ഡി, കാവ്യാദർശം

## 5

പദങ്ങളുടെ സ്വരരാഗസുധയിൽ നിന്ന് പ്രതിഭയുടെ വലയത്തിലേക്കും അവിടെനിന്ന് അഖണ്ഡഭാവനയുടെ കേന്ദ്രത്തിലേക്കും ചെന്നു ചേർന്ന സഹൃദയന്റെ മുമ്പിൽ ജീവിതത്തെ പ്രകാശിപ്പിക്കുന്ന ഒരു ദീപ്തിപടലം തുറന്നിടാനും കവി ശ്രമിച്ചിട്ടുണ്ട്. പുരുഷാന്തരങ്ങളിലൂടെ പ്രവഹിച്ച് ശാഖോപശാഖമായിത്തീർന്ന ജീവസ്രോതസ്സിന്റെ ഗംഭീരമായ ഇരമ്പമാണ്

''സ്ഥലകാലങ്ങളിലൂടെ വിദൂരവി–
ദൂരതലങ്ങളെ നോക്കി
ചലനിശ്ചലവസ്തുക്കളിലാകെ–
ശ്ശാശ്വതപുളകമിണക്കി
പാരിലുമൃക്ഷഗണത്തിലുമഭിനവ–
ദീപ്തിവിശേഷമൊഴുക്കീ
പായും മൂകമനോഹരമാമൊരു
പാവനഗാനംപോലേ''

എന്ന വരികളിൽ കേൾക്കുന്നത്. അപരസ്പരസംഭൂതമായ ഈ ജീവധാരയെക്കുറിച്ചുള്ള ദർശനം നളിനി, സീത, കരുണ മുതലായ കാവ്യങ്ങളുടെ ഒടുവിൽ ആവിർഭവിക്കുന്ന, പ്രഭാവപൂർണ്ണമായ തേജോലോകം പോലെ ഹൃദയോന്നതികരമല്ല എന്നതു നമ്മുടെ കാലഘട്ടത്തിന്റേയും നമ്മുടെതന്നെയും കുറ്റമാകുന്നു.

(നാനൃഷിഃ കവിരിത്യുക്തമൃഷിശ്ച കിലദർനാത് ഋഷിയല്ലാത്തവൻ കവിയല്ല. ജീവിതതത്വം ദർശിക്കുന്നവനാണ് ഋഷി.)

–ഭട്ടതൗതൻ, കാവ്യകൗതുകം

6

ഉപനിഷത്തുകളുടേയും ഫ്രോയിഡിന്റേയും അന്വേഷണരേഖകൾ മുറിച്ചുകടക്കുന്ന ചില ബിന്ദുക്കളുണ്ട്. പ്രവൃത്തിയും നിവൃത്തിയും അഥവാ രതിവാസനയും മൃത്യുവാസനയും ജീവിത്തതിലെ പ്രബലങ്ങളായ രണ്ടു ശക്തികളാണെന്നത് അങ്ങനെയുള്ള ഒരു ബിന്ദുവത്രെ. ഇന്ദ്രിയാർത്ഥങ്ങളെ തൃഷ്ണാവേശത്തോടെ കോരിക്കുടിക്കുവാനുള്ള സക്തിയും എല്ലാം ഇട്ടെറിഞ്ഞ് ഓടാനുള്ള വിരക്തിയും പലരുടേയും ജീവിതത്തിൽ അല്പനേരമെങ്കിലും മത്സരിച്ചിട്ടുണ്ടായിരിക്കും. കുറെക്കാലത്തോളം ക്രിയോത്ത്ടമായ ജീവിതം നയിച്ച് ഇപ്പോൾ ക്ഷീണിച്ച പാശ്ചാത്യദേശങ്ങളിൽ വിരക്തിയോടു ചായ്‌വുള്ളവരെ കാണാൻ തുടങ്ങിയിട്ടുണ്ട്. നേരെമറിച്ച്, അടിമത്തത്തിൽ ആണ്ട് തേജോഹാനി നേരിട്ട ഏഷ്യ സ്വാതന്ത്ര്യസിദ്ധിക്കുശേഷം ഊർജ്ജസ്വലതയോടെ ഉണർന്നിരിക്കയാണ്. ഇവിടെ വിരക്തിയുടെ കമ്പോളത്തിൽ ഇപ്പോൾ കരടിയും സക്തിയുടെ കമ്പോളത്തിൽ കാളയുമാണ് കൂറ്റംകുത്തുന്നത്. അക്കിത്തം സക്തിയുടെ കവിയാണ്. ഇണയുടെനേർക്കുള്ള ഉല്ക്കടമായ രതീയാണ് അദ്ദേഹത്തിന്റെ കവിതകളിൽ നിറഞ്ഞുനില്ക്കുന്ന ഭാവം. ആ ഭാവത്തിനുതന്നെ ഒരു സവിശേഷതയുണ്ട്. സ്ത്രിയേയും ആത്മീയവിശുദ്ധിയേയും തമ്മിൽ എങ്ങനെ ഇണക്കാമെന്ന് കഴിഞ്ഞ തലമുറയിലെ ചില കവികൾക്ക് ഒരു ദുർഘടപ്രശ്നമായിരുന്നു. ഈ ദുർഘടനം ക്രിസ്തുമതാധിഷ്ഠിതമായ പാശ്ചാത്യസാഹിത്യത്തിന്റെ സ്വാധീനം നിമിത്തമാണോ എന്നു സംശയം തോന്നുന്നു. വാസ്തവത്തിൽ, കുമാരനാശാന്റെ എണ്ണപ്പെട്ട കൃതികളെല്ലാം ഈ ഒരേഒരു പ്രശ്നത്തെയാണ് എതിരിടുന്നത്. സന്ന്യാസവും ഗാർഹസ്ഥ്യവും തമ്മിൽ ആജീവനാന്തം അദ്ദേഹത്തിന്റെ മനസ്സിൽ വെച്ച് ഘോരമായി സമരം ചെയ്കയും ഒട്ടിട സന്ധിയാവുകയും വീണ്ടും പതിന്മടങ്ങു വീറോടെ സമരം തുടങ്ങുകയും ചെയ്തിരുന്നുവെന്നാണ് എന്റെ അഭ്യൂഹം. എന്നാൽ ഇന്നുള്ളവർക്ക് രതിയുടെ ഭൗതികവും ആത്മീയവുമായ വശങ്ങൾ തമ്മിൽത്തൊട്ടാൽ ശുദ്ധം മാറുമെന്ന ഈഷലേ ഇല്ല. ഈ പുതിയ ചിന്താഗതിയുടെ അധിപ്രസരം അക്കിത്തത്തിന്റെ കൃതികളിൽ തെളിഞ്ഞുകാണാം. മനുഷ്യസന്തതികൾ കൈമാറിക്കൈമാറി അനന്തവിചിത്രമായിത്തീർന്നിരിക്കുന്ന ജീവിതചൈതന്യവും ഈ കൈമാറലിനോടനുബന്ധിച്ച ആഹ്ലാദത്തിന്റേയും വേദനയുടേയും സൂത്രധാരത്വം വഹിക്കുന്ന സ്ത്രീയുമാണ് അദ്ദേഹത്തിന്റെ കൃതികളിൽ കാണുന്ന മുഖ്യവിഷയം. സക്തിയുടെ തീവ്രത കാണുമ്പോൾ, ഇത് എപ്പോൾ വേണമെങ്കിലും വിരക്തിയായി മാറാമെന്നു തോന്നും. ജീവിതത്തിൽ അന്യോന്യം പുറം ചേർന്ന് ഉരുമ്മി നില്ക്കുന്ന രണ്ടു ഭാവങ്ങളാണ് രക്തിയും വിരക്തിയും. നമ്മുടെ പഴയ നമ്പൂതിരിസ്സാഹിത്യത്തിന്റെ ഒരു സവിശേഷതതന്നെ ഇതത്രേ. ആ ഭാഗ്യവാന്മാരുടെ ദൃഷ്ടിയിൽ പ്രസ്തുത ഭാവങ്ങൾ രണ്ടും തമ്മിൽ അന്തരമേ ഉണ്ടായിരുന്നില്ല.

7

‘വാടാത്ത താമരയും കെടാത്ത സൂര്യനും’ എന്ന നീണ്ട കവിതയ്ക്കു പുറമെ വേറെ ഒമ്പതെണ്ണം ഈ സമാഹാരത്തിലുണ്ട്. കൂട്ടത്തിൽ,

‘‘കുട്ടികളയ്യാ! നിർവൃതി പെയ്യും
കുട്ടികളല്ലോ ദൈവങ്ങൾ’’

എന്നു തുടങ്ങുന്ന ഏകമുഖമായ ഭാവഗാനം അതിന്റെ താരസ്വരം കൊണ്ടും രചനാവിശേഷംകൊണ്ടും ഹൃദയംഗമമായിത്തോന്നി. ആ ശില്പഭംഗി മുൻവിവരിച്ചതിൽ നിന്നു വിലക്ഷണമാണ്. അക്കിത്തത്തിന്റെ കവിതകളുടെ മുദ്രകളായ മിനുസപ്പണി, മാംസളത, ‘കണ്ണിൽപ്പൊടിയുമൊരശ്രുകണ’ത്തോടുകൂടിയ ആത്മാർത്ഥത എന്നു തുടങ്ങിയ മെച്ചങ്ങൾ ഈ സമാഹാരത്തിന്റെ ഉള്ളിൽ എവിടെ നോക്കിയാലും കാണാം.